"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
☏:0471-2342532
✉:keralaprisons@gov.in
തീയതി : 12-10-2020

## സർക്കുലർ നം 82

സി.എഫ്.എൽ.റ്റി സെൻ്ററുകളിൽ പ്രവേശിക്കപ്പെടുന്ന അന്തേവാസികളുടെ കാര്യത്തിൽ പ്രവേശന സമയത്ത് തന്നെ സൂക്ഷമ നിരീക്ഷണം നടത്തുകയും അവരുടെ ശാരീരിക സ്ഥിതി നന്നായി വിലയിരുത്തുകയും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതെന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖപ്പെടുത്തിയ ശേഷം തുടർ നടപടികൾ വീഴ്ച കൂടാതെ ചട്ട പ്രകാരം സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

സി.എഫ്.എൽ.റ്റി സെൻ്ററുകൾ മിക്കവാറും ജയിൽ കെട്ടിടങ്ങളില്ലാത്തതിനാൽ സൂക്ഷമ നിരീക്ഷണത്തിന് ചില പ്രായോഗിക തടസ്സങ്ങളുണ്ടെന്നുള്ളതും പലവയും നിരീക്ഷണത്തിന് സൌകര്യങ്ങളില്ലാത്ത മുറികളാണെന്നതിനാലും ജില്ലയിലെ സി.എഫ്.എൽ.റ്റി സെൻ്ററുകളുടെ ചുമതലയുള്ള സൂപ്രണ്ടുമാർ ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി അതാത് ജില്ലാ ജഡ്ജിമാർ / ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റമാർ/ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറിമാർ എന്നിവരുമായി ബന്ധപ്പെട്ട് ജയിലിൽ പ്രവേശിപ്പിക്കുന്ന തടവുകാർ, ആ സമയത്ത് മാനസിക രോഗമുള്ളവരോ ചികിത്സ നടത്തി വരുന്നവരോ ആണെങ്കിൽ / ശാരീരികമായി ഭിന്ന ശേഷിയുള്ളവരാണെങ്കിൽ / ആൽക്കഹോളിക് - ഡ്രഗ് വിഡ്രോവൽ ലക്ഷണങ്ങളുള്ളവരാണെങ്കിൽ അവരെ നേരിട്ട് ചികിത്സാലയങ്ങളിലേക്ക് അയയ്ക്കാനും വാറൻ്റ് മാത്രം സി.എഫ്.എൽ.റ്റി സെൻ്ററുകളിൽ ഏൽപ്പിക്കാനും പോലീസ് / എക്സൈസ് / ഫോറസ്റ്റ് വിഭാഗത്തിന് നിർദ്ദേശം നൽകണമെന്ന അപേക്ഷ നൽകി ഉത്തരവ് വാങ്ങേണ്ടതാണ്. മേൽപ്പറഞ്ഞ വിഭാഗത്തിൽ പെടുന്നതാണെന്ന് പിന്നീട് ശ്രദ്ധയിൽപെട്ടാലുടൻ തന്നെ അത്തരം തടവുകാരെ ചികിത്സാ കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വന്തം നിലയിൽ സ്വീകരിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

DIG(HQ)-23434/2020/PrHQ

24713b